പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 6441- ാം നമ്പര് ചോദ്യം 11. 07. 2012 - ലെ മറുപടിക്ക്

ട്രഷറികളിലെ സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. ലൂഡിലൂയിസ്<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി. റ്റി, ബൽറാം | ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി.<br>ശ്രീ. കെ. എം. മാണി. |
| എ. സംസ്ഥാനത്തെ ട്രഷറികളിലെ സേവിംഗ് ബാങ്ക് നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?<br><br>ബി. സ്ഥിര നിക്ഷേപ അക്കൗണ്ടുകൾ വർദ്ധിപ്പിക്കുവാന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ? | സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ /സ്വയം ഭരണ സ്ഥാപനങ്ങൾ/വെൽഫയര് ബോർഡുകള് ഇവയ്ക്ക് സംസ്ഥാന സർക്കാര് വിഹിതമായി നൽകിയ ഫണ്ടുകള് സർക്കാര് ട്രഷറികളിൽ മാത്രമേ നിക്ഷേപിക്കാവൂ എന്നും അവയുടെ സ്വന്തം ഫണ്ടുകൾ ട്രഷറിസ്ഥിര നിക്ഷേപങ്ങളെക്കാൾ ഉയർന്ന പലിശ ലഭ്യമാകുന്നെങ്കിൽ മാത്രമേ മറ്റ് ബാങ്കുകളെ ആശ്രയിക്കാവൂ എന്നും അല്ലാത്ത പക്ഷം ട്രഷറികളിൽ മാത്രമേ നിക്ഷേപിക്കാവൂ എന്നും നിർദേശം നൽകി ഉത്തരവായിട്ടുണ്ട്<br>കേരള സംസ്ഥാന ബിവറേജ് കോർപ്പറേഷന്റെ എല്ലാ നിക്ഷേപങ്ങളും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും, നിലവിൽ മറ്റ് ബാങ്കുകളിൽ നിലനിൽക്കുന്ന നിക്ഷേപങ്ങള് കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് ട്രഷറികളിൽ മാറ്റി നിക്ഷേപിക്കണമെന്നും നിർദേശം നൽകി ഉത്തരവായിട്ടുണ്ട്.<br>തൊഴിൽ വകുപ്പിന് കീഴിലെ എല്ലാ ക്ഷേമനിധി ബോർഡുകളിലേയും നിക്ഷേപങ്ങൾ സംസ്ഥാന ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കുന്നു എന്നത് ഉറപ്പുവരുത്തുവാൻ ക്ഷേമനിധി ബോർഡുകളിലെ ചീഫ് കോ-ഓർഡിനേറ്റര് എന്ന നിലയിൽ ലേബര് കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.<br>കൂടാതെ ട്രഷറി സ്ഥിര നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥിരനിക്ഷേപങ്ങൾ ക്യാൻവാസ് ചെയ്യുന്ന ട്രഷറി ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നിലവിലുണ്ട് |

സി. ജനങ്ങളുടെ ഇടയിൽ ഇതിനായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്ന
പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല
കാര്യം ആലോചിക്കുമോ ?

Deepa

സെക്ഷൻ ഓഫീസർ